# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം II

## 2021 ഒക്ടോബർ 3

**നമ്പർ : 103**

**<u>2021 - ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലിനുള്ള ശുദ്ധിപത്രം.</u>**

പതിനഞ്ചാം കേരള നിയമസഭയുടെ ബിൽ നമ്പർ 53 ആയി പ്രസിദ്ധീകരിച്ച 2021 - ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂല നിയമമായ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ആക്ടിലെ പ്രസക്ത ഭാഗങ്ങളിലെ അദ്ധ്യായം XII - ൽ (പേജ് നമ്പർ 97) ഖണ്ഡിക 101 - നം ഇടയിൽ താഴെപ്പറയുന്ന 102, 106,108 എന്നീ ഖണ്ഡികകൾ കൂടി ഉൾപ്പെട്ടതായി കരുതേണ്ടതാണ്.

105. <u>പ്രവേശനത്തിനുള്ള അധികാരം.</u>- ഏതെങ്കിലും പ്ലാനിന്റെ തയ്യാറാക്കലിന്റെയോ നിർവ്വഹണത്തിന്റെയോ ആവശ്യത്തിലേക്കായി ബോർഡ് നിയമിച്ചതോ അധികാരപ്പെടുത്തിയതോ ആയ ആളുകൾക്കോ ജില്ലാ ആസൂത്രണ കമ്മിറ്റികൾക്കോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റികൾക്കോ ചീഫ് ടൗൺ പ്ലാനർക്കോ വികസന അതോറിറ്റികൾക്കോ ജോയിന്റ് പ്ലാനിംഗ് കമ്മിറ്റികൾക്കോ മുനിസിപ്പൽ കോർപ്പറേഷനുകൾക്കോ മുനിസിപ്പൽ കൗൺസിലുകൾക്കോ ടൗൺ പഞ്ചായത്തുകൾക്കോ ഗ്രാമ പഞ്ചായത്തുകൾക്കോ, അവയോ സർക്കാരോ നിയമിച്ചതോ അധികാരപ്പെടുത്തിയതോ ആയ ആളുകൾക്കോ, വസ്തുവിൽ പ്രവേശിക്കുന്നതിനും സർവ്വേ നടത്തുന്നതിനും അടയാളങ്ങൾ സ്ഥാപിക്കുന്നതിനും അങ്ങനെയുള്ള കാര്യങ്ങൾക്ക് ആവശ്യമായ എല്ലാ പ്രവർത്തികളും ചെയ്യുന്നതിനും, മുനിസിപ്പൽ സെക്രട്ടറിക്കും അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്കും, തൽസമയം പ്രാബല്യത്തിലുള്ള മുനിസിപ്പാലിറ്റികളുമായി ബന്ധപ്പെട്ട നിയമത്തിൻകീഴിൽ ഉള്ള അതേ അധികാരം, അതേ നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി ഉണ്ടായിരിക്കുന്നതാണ്.

106. <u>ഈടാക്കുന്ന പിഴ ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ ഫണ്ടിലേക്ക് നൽകണമെന്ന്.</u>- ഈ ആക്റ്റിൻകീഴിലുള്ള പ്രോസിക്യൂഷനുമായി ബന്ധപ്പെട്ട് ഈടാക്കിയിട്ടുള്ള എല്ലാ പിഴയും, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, അതതു സംഗതിപോലെ, കമ്മീഷന്റെയോ ജില്ലാ ആസൂത്രണ കമ്മിറ്റിയുടെയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയുടെയോ വികസന അതോറിറ്റിയുടെയോ മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റേയോ ടൗൺ പഞ്ചായത്തിന്റെയോ ഗ്രാമപഞ്ചായത്തിന്റെയാ ഫണ്ടിലേക്ക് നൽകേണ്ടതാണ്.

107. <u>പ്രവൃത്തികളുടെയോ നടപടികളുടെയും സാധൂകരണം</u>- ഈ ആക്റ്റ് പ്രകാരം ചെയ്ത യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ എടുത്ത യാതൊരു നടപടിയും, ബോർഡിലോ ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിയിലോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലോ വികസന അതോറിറ്റിയിലോ ജോയിന്റ് ആസൂത്രണ കമ്മിറ്റിയിലോ മുനിസിപ്പൽ കോർപ്പറേഷനിലോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിലോ ഗ്രാമപഞ്ചായത്തിലോ അല്ലെങ്കിൽ കേരള അർബൻ ആർട്ട് കമ്മീഷനിലോ ഒരു അംഗത്തിന്റെ ഒഴിവുണ്ടെന്ന കാരണത്താൽ മാത്രം ചോദ്യം ചെയ്യപ്പെടുവാൻ പാടുള്ളതല്ല.

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,

സെക്രട്ടറി.